(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇത്തരത്തിലുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അനുമതി ലഭിച്ചവർ വനങ്ങളിൽ നിന്നും വൻതോതിൽ മണൽ വാരിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോഴും ഇത്തരത്തിലുള്ള അനധികൃത മണൽവാരൽ തുടരുന്നുണ്ടോ;

(ഡി) ഇപ്രകാരം മണൽവാരിയവർക്കെതിരെ നടപടിയെടുക്കണമെന്ന ശുപാർശയിന്മേൽ നാളിതുവരെ എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം വനം ഡിവിഷനിൽ നിന്നും 117 പേർക്ക് 2696.80 ക്യൂ.മീറ്റർ മണൽ ശേഖരിക്കുന്നതിനും, തെൻമല വനം ഡിവിഷനിൽ നിന്നും 20 പേർക്ക് 335 ക്യൂ. മീറ്റർ മണൽ ശേഖരിക്കുന്നതിനും, റാന്നി ഡിവിഷനിൽ നിന്നും 6 പേർക്ക് 108 ക്യൂ. മീറ്റർ മണൽ ശേഖരിക്കുന്നതിനും, ചാലക്കുടി വനം ഡിവിഷനിൽ നിന്നും 336 പേർക്ക് 2480.60 ക്യൂ. മീറ്റർ മണൽ ശേഖരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) വിവരം ലഭിച്ചിട്ടില്ല.

(ഡി) 'സി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ

64 [3398] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശത്തോടു ചേർന്നു കിടക്കുന്ന കൃഷി ഭൂമികളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വൈദ്യുതി ഷോക്കേറ്റ് മരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് സമീപകാലത്ത് ഇത്തരം അവസ്ഥ ഉണ്ടായിട്ടുള്ളത്;

(സി) കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനായി നിർമ്മിക്കുന്ന കമ്പിവേലികളിൽ വൈദ്യുതി കടത്തിവിട്ട് വന്യമൃഗങ്ങളെ കൊല്ലുന്നത് തടയുന്നതിനും വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കാതിരിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് ഡിവിഷനിൽപ്പെട്ട അട്ടപ്പാടി റെയിഞ്ചിലും അഗളി റെയിഞ്ചിലും, വയനാട് ഡിവിഷനിൽപ്പെട്ട പെരുവനം റെയിഞ്ചിലും വൈദ്യുതി ആഘാതമേറ്റ് ഓരോ ആനകൾ വീതം കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly